# ലിനക്സ് ഇൻസ്റ്റാൾ ചെയ്യാം വിൻഡോസിനുള്ളിൽ !

ghs muttom blog

ലിനക്സും വിൻഡോസും ഒരേ സിസ്റ്റത്തിൽ ഇൻസ്റ്റാൾ ചെയ്യുന്നത് ഇന്ന സാധാരണമാണ്. ലിനക്സിൽ വൈറസ് പ്രശ്നങ്ങൾ തീരെയില്ല എന്നിരിക്കെ ബ്രൗസിങ്ങിന് വളരെ ഉപകാരപ്രദമാണ് ലിനകസ്. എന്നാൽ നിങ്ങൾക്ക് സുപരിചിതമായ പ്രോഗ്രാമുകളും, ഓഫിസ് ആപ്ലിക്കേഷനുകളും വിൻഡോസിലായിരിക്കുകയും ചെയ്യും. ഇങ്ങനെ വരുമ്പോൾ ലിനക്സ്, വിൻഡോസ് ഒന്നിച്ച് ചെയ്യുന്നത് നല്ലതാണ്. കേരളത്തിൽ കുട്ടികൾക്ക് ഇന്ന് പഠനത്തിനുള്ളതും ലിനക്സാണല്ലോ.

പല രീതിയിൽ ലിനക്സ് വിൻഡോസ് സിസ്റ്റത്തിൽ ഇൻസ്റ്റാൾ ചെയ്യാം. സാധാരണ പോലെ സിഡി ഉപയോഗിച്ച് ഡ്രൈവ് സെലക്ട് ചെയ്ത് മറ്റൊരു പാർട്ടിഷനിൽ ലിനക്സ് ഇൻസ്റ്റാൾ ചെയ്യാൻ സാധിക്കും. എന്നാൽ പഴയ കംപ്യൂട്ടറുകളിൽ ഇത് റിസ്കുള്ള കാര്യമാണ്. ചിലപ്പോൾ വിൻഡോസ് തകരാറിലാവാൻ ഇടയുണ്ട്.

ഇവിടെ വിൻഡോസിനുള്ളിൽ തന്നെ ലിനക്സ് എങ്ങനെ ഇൻസ്റ്റാൾ ചെയ്യാമെന്നാണ് പറയുന്നത്.

ആദ്യം (ലിനക്സ് )ഉബുണ്ടുവിന്റെ സി.ഡി ഇടുക.

സി.ഡി ഓട്ടോമാറ്റിക്കായി എടുക്കുന്നില്ലെങ്കിൽ Run ൽ wubi.exe എന്ന് നല്കുക.




ശേഷം Install inside windows സെലക്ട് ചെയ്യുക.

ഇൻസ്റ്റാൾ ചെയ്യുക

ഇൻസ്റ്റാളിങ്ങിന് ശേഷം റീബൂട്ട് ചെയ്യുമ്പോൾ ലിനകസ് സെറ്റിങ്ങ്സ് ആരംഭിക്കും. ഇതിന് ഏറെ നേരമെടുക്കും.

അതിന് ശേഷം ബൂട്ട് ചെയ്യുമ്പോൾ  ഓരോ തവണയും വിൻഡോസ് , ലിനകസ് സെലക്ഷനുള്ള ഒപ്ഷനുണ്ട്.

മറ്റ് ഏതൊരു വിൻഡോസ് പ്രോഗ്രാം പോലെ ഈ ലിനക്സും നിങ്ങൾക്ക് അൺ ഇൻസ്റ്റാൾ ചെയ്യാം.

ഇൻസ്റ്റാൾ ചെയ്യാൻ താല്പര്യമില്ലെങ്കിൽ ലിനക്സ് ലൈവ് സി.ഡി ഉപയോഗിച്ചും പ്രോഗ്രാം റൺ ചെയ്യാം.